## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3646.** **17.12.2015 ന് മറുപടിയ്ക്ക്**

### ആയുർവേദ ഔഷധ വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എക്സൈസ് നിയമങ്ങൾ ഭേദഗതി .

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ആയുർവേദ ഔഷധ വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എക്സൈസ് നിയമങ്ങൾ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; | (എ) ഉണ്ട്.<br>ആയത് പരിശോധിച്ചു വരുന്നു. |
| (ബി) ആയുർവേദ ഔഷധ വിതരണ സ്ഥാപനങ്ങൾക്ക് എസ്.പി.സിക്സ് ലൈസൻസ് നിർബന്ധമായിട്ടുണ്ടോ ; | (ബി) നിലവിലെ സ്പിരിച്വസ് പ്രിപ്പറേഷൻ (കൺട്രോൾ) റൂൾ 1969-റൂൾ-11 പ്രകാരം ആയുർവേദ അരിഷ്ടാസവങ്ങളുടെ മൊത്ത വില്പനയ്ക്ക് എസ്.പി-VI ലൈസൻസ് നിർബന്ധമാണ്. |
| (സി) എങ്കിൽ പ്രസ്തുത ലൈസൻസ് പിൻവലിക്കണമെന്ന ആവശ്യം ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സ് (എ.പി.ഡി.എ) ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു വെന്ന് വെളിപ്പെടുത്തുമോ ? | (സി) ഉണ്ട്.ആയത് പരിശോധിച്ചു വരുന്നു. നിയന്ത്രണങ്ങൾ ഇല്ലാതെ ആൽക്കഹോൾ അടങ്ങിയ അരിഷ്ടാസവങ്ങൾ വില്പന നടത്താൻ അനുവദിക്കുന്നത്, ദുരുപയോഗം ചെയ്യാൻ സാദ്ധ്യത കൂടുതലാണ്. ആയതിനാൽ ലൈസൻസ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**